**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4179** **09-08-2021 - ൽ മറുപടിയ്ക്ക്**

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ സ്കൂളുകൾക്ക് യാത്ര സൗകര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2018 മുതൽ 2021 വരെ കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ സ്കൂളുകൾക്ക് യാത്രാ സൗകര്യം ഒരുക്കുന്നതിന് എം.എൽ.എ. ഫണ്ടുകൾ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | 2018 മുതൽ 2021 വരെ കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ പ്രത്യേക വികസന നിധിയിൽ നിന്ന് ജി.എൽ.പി.എസ് ഹോസ്ദുർഗ് തെരുവത്ത്, ജി.എച്ച്.എസ് കാലിച്ചാനടുക്കം എന്നീ സ്കൂളുകൾക്ക് വാഹനം വാങ്ങുന്നതിന് 10 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. കൂടാതെ ജി.എച്ച്.എസ് ചാമുണ്ടിക്കുന്ന്, ജി.എച്ച്.എസ് അട്ടേങ്ങാനം, ജി.എച്ച്.എസ്.എസ്. ബളാംതോട്, ജി.എച്ച്.എസ്.എസ് കാഞ്ഞിരപൊയിൽ എന്നീ സ്കൂളുകൾക്ക് ബസ് വാങ്ങുന്നതിന് 15 ലക്ഷം രൂപ വീതവും, ജി.എൽ.പി.എസ് ചിത്താരി സൗത്തിനു ബസ് വാങ്ങുന്നതിന് 10 ലക്ഷം രൂപയും എം.എൽ.എ ആസ്തി വികസന ഫണ്ടിൽ നിന്നും ജി.എച്ച്.എസ്.എസ് തായന്നൂർ, എം.പി.എസ്.ജി.വി.എച്ച്.എസ്.എസ് ബെള്ളിക്കൊത്ത് എന്നീ സ്കൂളുകൾക്ക് ബസ് വാങ്ങുന്നതിന് 15 ലക്ഷം രൂപ വീതവും, ജി.എൽ.പി.എസ് പറക്ലായിക്ക് ബസ് വാങ്ങുന്നതിന് 10 ലക്ഷം രൂപയും ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. |
| (ബി) | അനുവദിച്ച ഫണ്ടുകൾ ഉപയോഗിച്ച് സ്കൂളുകൾക്ക് വാഹന സൗകര്യം ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ; ഇല്ലെങ്കിൽ എത്ര വിദ്യാലയങ്ങൾക്കാണ് വാഹനം ഇനിയും ലഭ്യമാകാത്തതെന്ന് വിശദീകരിക്കാമോ ; | (ബി) | അനുവദിച്ച ഫണ്ടുകൾ ഉപയോഗിച്ച് ജി.എച്ച്.എസ് കാലിച്ചാനടുക്കം, ജി.എൽ. പി.എസ് ഹോസ്ദുർഗ് തെരുവത്ത് എന്നീസ്കൂളുകൾക്ക് ബസ് നൽകിയിട്ടുണ്ട്. ജി.എച്ച്.എസ്.ചാമുണ്ടിക്കുന്ന്,ജി.എച്ച്. എസ് അട്ടേങ്ങാനം, ജി.എച്ച്.എസ്.എസ് ബളാംതോട്, ജി.എച്ച്.എസ്.എസ് കാഞ്ഞിരപൊയിൽ എന്നീ സ്കൂളുകൾക്ക് ബസ് വാങ്ങുന്നതിന് 15 ലക്ഷം രൂപ വീതവും, ജി.എൽ.പി.എസ് ചിത്താരി സൗത്തിനു ബസ് വാങ്ങുന്നതിന് 10 ലക്ഷം രൂപയും ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച് ഉത്തരവായെങ്കിലും, തുക അനുവദിച്ച് നൽകാൻ സാധിക്കാത്തതി നാൽ സ്കൂൾ ബസ് വാങ്ങാൻ കഴിഞ്ഞില്ല. ജി.എച്ച്.എസ്.എസ് തായന്നൂർ, |

| | | | |
|---|---|---|---|
| | | | എം.പി.എസ്. ജി.വി.എച്ച്.എസ്.എസ് ബെള്ളിക്കൊത്തു എന്നീ സ്കൂളുകൾക്ക് ബസ് വാങ്ങുന്നതിന് 15 ലക്ഷം രൂപ വീതവും, ജി.എൽ.പി.എസ് പറക്ലായിക് ബസ് വാങ്ങുന്നതിന് 10 ലക്ഷം രൂപയും ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിക്കുകയും തുക ലഭിക്കുകയും ചെയ്തുവെങ്കിലും സാങ്കേതിക കാരണങ്ങളാൽ വാഹനം വാങ്ങാൻ സാധിച്ചിട്ടില്ല. |
| (സി) | വാഹനം അനുവദിക്കുന്നതിന് ഫണ്ട് നൽകിയിട്ടും ഇക്കാര്യത്തിൽ കാലതാമസം നേരിട്ടത് എന്തുകൊണ്ടെന്ന് അറിയിക്കാമോ; | (സി) | 2020 ഏപ്രിലിനു ശേഷം ബി.എസ്6 മോഡൽ എൻജിൻ ഉള്ള വാഹനങ്ങൾ മാത്രമേ രജിസ്റ്റർ ചെയ്യാവൂ എന്നും സുപ്രീം കോടതി വിധിയുള്ളതിനാലും 32 സീറ്റുകൾ ഉള്ള ബി.എസ് 6 മോഡൽ എൻജിൻ ബസിനു ഏറ്റവും കുറഞ്ഞത് 18ലക്ഷം രൂപ വിലയുള്ളതിനാലും സ്കൂൾ പ്രധാനാദ്ധ്യാപകൻ സമർപ്പിച്ച എസ്റ്റിമേറ്റിന് അനുസരിച്ച് ബസ് വാങ്ങുവാൻ സാധിച്ചില്ല. അനുവദിച്ച തുകയിലൊതുങ്ങി 25 സീറ്റുള്ള ബസ് വാങ്ങുവാൻ പർച്ചേസ് കമ്മിറ്റിയിൽ തീരുമാനിച്ചു. 15 ലക്ഷം രൂപ വീതം അനുവദിച്ച ജി.എച്ച്.എസ്. ചാമുണ്ടിക്കുന്ന്, ജി.എച്ച്.എസ്.എസ്.തായന്നൂർ, ജി.എച്ച്. എസ്.അട്ടേങ്ങാനം, ജി.എച്ച്.എസ്.എസ് ബളാംതോട്, എം.പി.എസ്.ജി.വി.എച്ച്.എസ്. എസ് ബെള്ളിക്കൊത്തു, ജി.എച്ച്.എസ്.എസ് കാഞ്ഞിരപൊയിൽ സ്കൂളുകൾക്ക് ബസ് വാങ്ങുന്നതിനായി താരതമ്യേന വില കുറവുള്ള SML IZUZU കമ്പനിയുടെ ബസിനു 16/02/2021-ന് GEM മുഖേന ഓർഡർ നൽകിയിരുന്നെങ്കിലും മുഴുവൻ തുകയും നൽകിയാൽ മാത്രമേ കമ്പനിയിൽ നിന്നും വാഹനം ഡെലിവറി ചെയ്യുകയുള്ളൂവെന്ന് അവർ അറിയിച്ചിരുന്നു. GEM മുഖേന പർച്ചേസ് ചെയ്ത വാഹനങ്ങൾക്ക് ആകെ 90 ലക്ഷം രൂപ SML IZUZU കമ്പനിക്ക് നൽകണമായിരുന്നു. ടി തുക നൽകുവാൻ സാധിക്കാത്തതിനാലാണ് കാലതാമസം നേരിട്ടത്. അതിനാൽ ടി തുക 31/03/2021 ന് സറണ്ടർ ചെയ്തിട്ടുണ്ട്. 10 ലക്ഷം രൂപയുടെ ബസ്/വാൻ GEM സൈറ്റിൽ ഇല്ലാത്തതിനാൽ 10/03/2021 നു ഇ-ടെണ്ടർ ക്ഷണിച്ചിരുന്നു. എന്നാൽ ഇ-ടെണ്ടറിൽ ആരും പങ്കെടുത്തിട്ടില്ല. ഇലക്ഷൻ പെരുമാറ്റ ചട്ടം നിലവിൽ വന്നതിനാലും, കോവിഡിന്റെ പശ്ചാത്തലത്തിൽ ലോക്ഡൗൺ ഉള്ളതിനാലും റീ ടെൻഡർ ചെയ്യുവാൻ സാധിച്ചിരുന്നില്ല. റീ ടെൻഡർ ചെയ്യുന്നതിനും തുക ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മേൽപ്പറഞ്ഞ സാങ്കേതിക കാരണങ്ങളാ ലാണ് സ്കൂളുകൾക്ക് വാഹനം വാങ്ങുവാനുള്ള കാലതാമസം നേരിട്ടത്. |

| | | | |
|---|---|---|---|
| (ഡി) | കാലതാമസത്തിന് ഉത്തരവാദികളായവർക്കെതിരെ അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുമോ ? | (ഡി) | 2020 ഏപ്രിലിനു ശേഷം ബി.എസ്6 മോഡൽ എൻജിൻ ഉള്ള വാഹനങ്ങൾ മാത്രമേ രജിസ്റ്റർ ചെയ്യാവൂ എന്നും സുപ്രീം കോടതി വിധിയുള്ളതിനാലും 32 സീറ്റുകൾ ഉള്ള ബി.എസ് 6 മോഡൽ എൻജിൻ ബസിനു ഏറ്റവും കുറഞ്ഞത് 18ലക്ഷം രൂപ വിലയുള്ളതിനാലും സ്കൂൾ പ്രധാനാദ്ധ്യാപകൻ സമർപ്പിച്ച എസ്റ്റിമേറ്റിന് അനുസരിച്ച് ബസ് വാങ്ങുവാൻ സാധിച്ചില്ല. അനുവദിച്ച തുകയിലൊതുങ്ങി 25 സീറ്റുള്ള ബസ് വാങ്ങുവാൻ പർച്ചേസ് കമ്മിറ്റിയിൽ തീരുമാനിച്ചു. 15 ലക്ഷം രൂപ വീതം അനുവദിച്ച ജി.എച്ച്.എസ്. ചാമുണ്ടിക്കുന്ന്, ജി.എച്ച്.എസ്.എസ്.തായന്നൂർ, ജി.എച്ച്.എസ്.അട്ടേങ്ങാനം, ജി.എച്ച്.എസ്.എസ് ബളാംതോട്, എം.പി.എസ്.ജി.വി.എച്ച്.എസ്. എസ് ബെള്ളിക്കൊത്തു, ജി.എച്ച്.എസ്.എസ് കാഞ്ഞിരപൊയിൽ സ്കൂളുകൾക്ക് ബസ് വാങ്ങുന്നതിനായി താരതമ്യേന വില കുറവുള്ള SML IZUZU കമ്പനിയുടെ ബസിനു 16/02/2021-ന് GEM മുഖേന ഓർഡർ നൽകിയിരുന്നെങ്കിലും മുഴുവൻ തുകയും നൽകിയാൽ മാത്രമേ കമ്പനിയിൽ നിന്നും വാഹനം ഡെലിവറി ചെയ്യുകയുള്ളുവെന്ന് അവർ അറിയിച്ചിരുന്നു. GEM മുഖേന പർച്ചേസ് ചെയ്ത വാഹനങ്ങൾക്ക് ആകെ 90 ലക്ഷം രൂപ SML IZUZU കമ്പനിക്ക് നൽകണമായിരുന്നു. ടി തുക നൽകുവാൻ സാധിക്കാത്തതിനാലാണ് കാലതാമസം നേരിട്ടത്. അതിനാൽ ടി തുക 31/03/2021 ന് സറണ്ടർ ചെയ്തിട്ടുണ്ട്. 10 ലക്ഷം രൂപയുടെ ബസ്/വാൻ GEM സൈറ്റിൽ ഇല്ലാത്തതിനാൽ 10/03/2021 ന ഇ-ടെണ്ടർ ക്ഷണിച്ചിരുന്നു. എന്നാൽ ഇ-ടെണ്ടറിൽ ആരും പങ്കെടുത്തിട്ടില്ല. ഇലക്ഷൻ പെരുമാറ്റ ചട്ടം നിലവിൽ വന്നതിനാലും, കോവിഡിന്റെ പശ്ചാത്തലത്തിൽ ലോക്ഡൗൺ ഉള്ളതിനാലും റീ ടെൻഡർ ചെയ്യുവാൻ സാധിച്ചിരുന്നില്ല. റീ ടെൻഡർ ചെയ്യുന്നതിനും തുക ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മേൽപ്പറഞ്ഞ സാങ്കേതിക കാരണങ്ങളാ ലാണ് സ്കൂളുകൾക്ക് വാഹനം വാങ്ങുവാനുള്ള കാലതാമസം നേരിട്ടത്. |

സെക്ഷൻ ഓഫീസർ